ലേഖനം

മുനാ പണിക്കർ

## സത്യവിശ്വാസത്തിന്റെ സോപാനത്തിൽ-6

# യേശു മഹാനായ പ്രവാചകൻ

ഗ്രീക്കു സംസ്കാരത്തിൽനിന്നാണ് ക്രൈസ്തവത ത്രിയേകത്വം കടംകൊണ്ടത്. റോം ചക്രവർത്തിയായ കോൺസ്റ്റാന്റിൻ, അവരുടെ വിശ്വാസത്തിലെ ത്രിത്വ ഭാവത്തിലൂടെ യേശുവിനെ അംഗീകരിക്കാൻ അദ്ദേഹത്തെ പ്രവാചകന്റെ സ്ഥാനത്തു നിന്നു ദൈവപുത്രന്റെ സ്ഥാനത്തേക്കുയർത്തുകയായിരുന്നു. ചക്രവർത്തിയുടെ കൽപനകൾ അനുസരിക്കാത്തവരെ പീഡനത്തിനും മർദനത്തിനും ഇരയാക്കി. യേശുവിന്റെ അധ്യാപനമോ ബൈബിളിലെ കൽപനയോ അല്ല ത്രിത്വം.

**പഴയ** നിയമത്തിലെ ഏകദൈവദർശനം, വേദക്കാരുമായി സംവദിക്കുമ്പോൾ ചൂണ്ടിക്കാണിക്കാവുന്ന പ്രബലമായ പ്രമാണമാണ്.

"യിസ്രായേലിന്റെ പരിപാലകൻ
മയങ്ങുകയില്ല, ഉറങ്ങുകയില്ല.
യഹോവ നിന്റെ പരിപാലകൻ
യഹോവ നിന്റെ വലതുഭാഗത്തു
നിനക്കു തണൽ"
(സങ്കീർത്തനങ്ങൾ 121:4,5)

യേശു മൂസായുടെ പിന്തുടർച്ചക്കാരനായ ദൂതനാണ്. അതിനാലാണ് യേശു പറഞ്ഞത്: ''ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന് വന്നു എന്ന് നിരൂപിക്കരുത്. നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നത്. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു, ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ സകലവും നിവൃത്തിയാകുവോളം ന്യായ പ്രമാണത്തിൽനിന്ന് ഒരുവള്ളിയെങ്കിലും പുള്ളിയെങ്കിലും ഒരുനാളും ഒഴിഞ്ഞു പോകയില്ല" (മത്തായി 5:17-19).

യേശുവിനെ വൃഥാ ഭജിക്കുന്ന വരെ അദ്ദേഹം വിലക്കി:

"ഈ ജനം അധരംകൊണ്ടു എന്നെ ബഹുമാനിക്കുന്നു. എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടു അകന്നിരിക്കുന്നു. മനുഷ്യ കൽപനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ടു എന്നെ വ്യർഥമായി ഭജിക്കുന്നു (മത്തായി 15:8,9).

യേശുവിനെ നല്ലവനെന്നു വിളിച്ചവരെ അദ്ദേഹം തിരുത്തി: "എന്നെ നല്ലവനെന്നു പറയുന്നതെന്ത്? ദൈവം ഒരുവൻ അല്ലാതെ നല്ലവൻ ആരും ഇല്ല" (ലൂക്കോസ് 18:18,19).

പരിപൂർണമായ നന്മയുടെ ഉറവിടവും നിലനിൽപും പരിസമാപ്തിയുമെല്ലാം സർവലോക സ്രഷ്ടാവായ അല്ലാഹു മാത്രമാണെന്ന സത്യമാണ് യേശു തുറന്നു കാണിക്കുന്നത്.

യേശു സംസാരിച്ചത് അദ്ദേഹത്തെ അയച്ചവൻ പറയാൻ പറഞ്ഞതെന്തോ അതു മാത്രമാണ്; "ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല. എന്നെ അയച്ച പിതാവു തന്നെ ഞാൻ ഇന്നതുപറയണമെന്നും ഇന്നതു സംസാരിക്കണമെന്നും കൽപന തന്നിരിക്കുന്നു. അവന്റെ കൽപന നിത്യജീവൻ എന്നു ഞാൻ അറിയുന്നു. ആകയാൽ ഞാൻ സംസാരിക്കുന്നതു പിതാവു എന്നോടു അരുളി ചെയ്തതുപോലെതന്നെ" (യോഹന്നാൻ 12:49,50). യേശുവിനെ ദൂതുമായി അയച്ചത് ലോക സ്രഷ്ടാവായ അല്ലാഹുവാണ്. അല്ലാഹുവിൽ വിശ്വസിക്കുന്നവർക്കാണ് മോക്ഷം. "എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്" (യോഹ: 5:24). പരലോക പ്രാപ്തിക്കായി എന്തു ചെയ്യണമെന്നു ചോദിച്ചപ്പോൾ പറഞ്ഞു: "വ്യഭിചാരം ചെയ്യരുത്, കൊല ചെയ്യരുത്, മോഷ്ടിക്കരുത്, കള്ള സാക്ഷ്യം പറയരുത്. നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക. ഉള്ളതെല്ലാം വിറ്റു ദരിദ്രർക്ക് പകുത്തു കൊടുക്കുക. പിന്നീടുവന്നു എന്നെ അനുഗമിക്കുക." ഈ പറഞ്ഞ ഉപദേശങ്ങളിലൊന്നും തന്നെ യേശുവിനെ ആരാധിക്കണമെന്നു കൽപിക്കുന്നില്ല. പകരം ആത്മീയ സംസ്കരണത്തിന്റെ വഴികൾ പഠിപ്പിക്കുകയാണ് ചെയ്തത്.

യേശുവിന്റെ ഉപദേശം കേട്ട ഒരു സ്ത്രീ ആൾക്കൂട്ടത്തിൽനിന്നും വിളിച്ചു പറഞ്ഞു: "നിന്നെ ചുമന്ന ഉദരവും, നീ കുടിച്ച മുലയും ഭാഗ്യമുള്ളവ. അതിന്

അവൻ(യേശു) അല്ല, ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവർ അത്രെ ഭാഗ്യവാന്മാർ." ഇതിൽനിന്നും ബോധ്യമാകുന്നത് ഏകനായ സാക്ഷാൽ ദൈവത്തിനുള്ള നിഷ്കളങ്കമായ അനുസരണവും കീഴ്‌വണക്കവും മാത്രമായിരുന്നു യേശുവിന്റെ ഉപദേശത്തിന്റെ രത്നച്ചുരുക്കം എന്നത്രെ.

അന്ത്യദിനത്തെക്കുറിച്ചും യേശു ഓർമപ്പെടുത്തി. അന്ത്യദിനത്തിൽ ഗർഭിണികളും മുലകൊടുക്കുന്നവരും അതെല്ലാം ഇട്ടെറിഞ്ഞു ഓടും. "അന്നു നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. ചെവിയുള്ളവൻ കേൾക്കട്ടെ" (മത്തായി).

ഒരു മനുഷ്യനും ദൈവത്തെ സ്വന്തം കണ്ണുകൊണ്ട് കാണാൻ കഴിഞ്ഞിട്ടില്ലെന്നു ബൈബിളിൽ പറയുന്നു. അപ്പോഴെങ്ങനെ യേശു ദൈവമാകും. "ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല.'' പുറപ്പാട് 33:20-ൽ പറയുന്നു: "നിനക്ക് എന്റെ മുഖം കാണാൻ കഴിയില്ല. ഒരു മനുഷ്യനും എന്നെ കണ്ടു ജീവനോടു ഇരിക്കയില്ല." (തിമോഥെയോസ് 2:5). "ദൈവം ഒരുവനല്ലോ."

(ആവർത്തനപുസ്തകം 4:35, 6:4, 32:39) ഇങ്ങനെ ഒട്ടനവധി വാക്യങ്ങളിൽ ഏകദൈവവിശ്വാസം നിറഞ്ഞു നിൽക്കുന്നു. യേശുവിന്റെ ജനനത്തെക്കുറിച്ചു പഴയ നിയമത്തിൽ പറയുന്നു: "അതുകൊണ്ടു കർത്താവുതന്നെ നിങ്ങൾക്കൊരു അടയാളം തരും. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന് ഇമ്മാനുവേൽ എന്നു പേർ വിളിക്കും. തിന്മ തള്ളി നന്മ തെരഞ്ഞെടുപ്പാൻ പ്രായമാകും വരെ അവൻ തൈരും തേനും കൊണ്ടു ഉപജീവിക്കും" (യശയ്യാവ് 7:14). എന്നാൽ യേശുവിനെ ഇമ്മാനുവേൽ എന്ന് ജീവിതകാലത്തൊരിക്കലും വിളിച്ചിരുന്നില്ല. 'പിതാവ്' എന്ന പ്രയോഗം സ്രഷ്ടാവ് എന്ന അർഥത്തിൽ പിൽക്കാലത്ത് മനുഷ്യർ തെറ്റിദ്ധരിച്ചു; യേശു തന്നെ അതു വ്യക്തമാക്കുന്നു: "ഭൂമിയിൽ ആരെയും പിതാവ് എന്ന് വിളിക്കരുത്. ഒരുത്തൻ അത്രെ നിങ്ങളുടെ പിതാവ്- സ്വർഗസ്ഥൻ തന്നെ" (മത്തായി 23:9).

വിശുദ്ധ ഖുർആൻ ത്രിയേകത്വത്തെ കഠിനമായി നിഷേധിക്കാൻ കൽപിക്കുന്നുണ്ട്. "ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നന്മക്കായി നിങ്ങൾ ഇതിൽനിന്ന് (ത്രിത്വം) വിരമിക്കുക" (4:171). ചരിത്രം പരിശോധിച്ചാൽ ത്രിമൂർത്തി സങ്കൽപം പല സംസ്കാരങ്ങളിലും നിലനിന്നിരുന്നു എന്നു കാണാം. ഇന്നും നിലനിൽക്കുന്നുണ്ട്. ഹിന്ദു മതത്തിൽ ബ്രഹ്മ-ശിവ-വിഷ്ണു, യഥാക്രമം സൃഷ്ടി സ്ഥിതി സംഹാരത്തിന്റെ ദൈവങ്ങളായി കരുതപ്പെടുന്നു. ഈ ത്രിത്വത്തിൽനിന്നും സത്യദൈവത്തിന്റെ ഏകത്വത്തിലേക്കും ചിലർ നീങ്ങുന്നു.

ബാബിലോണിയൻ സംസ്കാരത്തിലും ത്രിത്വം നിലനിന്നിരുന്നു. നിമ്റോദ്, സെമിറാമീസ്, ബാൽ എന്നിവ യഥാക്രമം പിതാവ്, മാതാവ്/ഭാര്യ, പുത്രൻ എന്നിങ്ങനെ സങ്കൽപിക്കപ്പെട്ടു. ഗ്രീക്കു സംസ്കാരത്തിലും ത്രിത്വം കാണാം, സീസ് (സ്രഷ്ടാവ്), ഈസിസ് (പരിശുദ്ധാത്മാവ്), അപ്പോളോ (പുത്രൻ). ഗ്രീക്കു സംസ്കാരത്തിൽനിന്നാണ് ക്രൈസ്തവത ത്രിയേകത്വം കടംകൊണ്ടത്. റോം ചക്രവർത്തിയായ കോൺസ്റ്റന്റിൻ, അവരുടെ വിശ്വാസത്തിലെ ത്രിത്വ ഭാവത്തിലൂടെ യേശുവിനെ അംഗീകരിക്കാൻ അദ്ദേഹത്തെ പ്രവാചകന്റെ സ്ഥാനത്തുനിന്നു ദൈവപുത്രന്റെ സ്ഥാനത്തേക്കുയർത്തുകയായിരുന്നു. ചക്രവർത്തിയുടെ കൽപനകൾ അനുസരിക്കാത്തവരെ പീഡനത്തിനും മർദനത്തിനും ഇരയാക്കി. യേശുവിന്റെ അധ്യാപനമോ ബൈബിളിലെ കൽപനയോ അല്ല ത്രിത്വം. യേശുവിന്റെ തന്നെ ഭാഷയിൽ "മനുഷ്യ കൽപനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർഥമായി ഭജിക്കുന്നു" (മത്തായി 15:9).

ഇതുപോലെ ഹൈന്ദവ മതഗ്രന്ഥങ്ങളിലും ദൈവത്തിന്റെ ഏകത്വം സ്ഥാപിക്കുന്ന ധാരാളം പ്രമാണങ്ങളുണ്ട്. ദൈവത്തിന് വ്യക്തിഭാവം നൽകുന്നവരെ ഗീത ആക്ഷേപിക്കുന്നു.

അവ്യയ വ്യക്തിമാപനം
മന്യന്തേ മാമ ബദ്ധയം
പരം ഭാവമജാനന്തോ
മമാവ്യയ മന്തത്തരം

സാരം: "എന്റെ അനശ്വരവും തമോഗുണ സ്പർശമില്ലാത്തതുമായ സർവാതീത ഭാവനെന്നു അറിയാതെ അവ്യക്തമായ എന്നെ വ്യക്തിത്വം പ്രാപിച്ചവനെന്നു ബുദ്ധിഹീനർ വിചാരിക്കുന്നു" (ജ്ഞാനവിജ്ഞാനയോഗം 24).

നാഹം പ്രകാശ സർവസ്യ
യോഗമായ സമാവൃതഃ
മൂഢോയം നാഭി ജാന്തതീ
ലോകോ മാമജ മവ്യയം.

"യോഗമായയാൽ ആവൃതനായ ഞാൻ എല്ലാപേർക്കും പ്രത്യക്ഷനല്ല. ഈ മൂഢമായ ലോകം എന്നെ ജനനരഹിതനും നാശമറ്റവനും ആയി അറിയുന്നില്ല."

അന്തവത്തു ഫലം തേഷാം
തദ്ഭവതൽപ മേധസാം
ദേവൻ ദേവയതോ യാന്തി
മദ്ഭക്തായാന്തി മാ മപി.

സാരം: "അൽപ ബുദ്ധികളായ അവർക്കുള്ള ആ ഫലം എന്നാൽ നശിച്ചുപോകുന്നതാണ്. ദേവാരാധകർ ദേവന്മാരെ പ്രാപിക്കുന്നു. എന്റെ ഭക്തന്മാർ എന്നെയും പ്രാപിക്കുന്നു."

വിശുദ്ധ ഖുർആനിൽ ഇക്കാര്യം പല പ്രാവശ്യം ആവർത്തിച്ചിരിക്കുന്നു.

അവിശ്വാസികളോടു ചോദിക്കപ്പെടും "അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിച്ചിരുന്നതെല്ലാം എവിടെപ്പോയി? അവർ നിങ്ങളെ സഹായിക്കുകയോ സ്വയം സഹായം തേടുകയോ ചെയ്യുന്നുണ്ടോ? തുടർന്ന് അവരും (ആരാധ്യന്മാർ) ആ ദുർമാർഗികളും ഇബ്‌ലീസിന്റെ മുഴുവൻ സൈന്യങ്ങളും അതിൽ മുഖം കുത്തി വീഴുന്നതാണ്" (26:92-95).

ലോകത്തെ അധർമം ഗ്രസിക്കുമ്പോഴാണ് അല്ലാഹു പ്രവാചകന്മാരെ മാർഗദർശനവുമായി അയക്കുന്നത്. എന്നാൽ പ്രവാചകന്മാരെ ദൈവത്തിന്റെ നേരിട്ടുള്ള അവതാരമായിട്ടാണ് ഗീത വിവരിക്കുന്നത്:

യദാ യദാഹി ധർമസ്യ
ഗ്ലാനിർ ഭവതി ഭാരത
അഭ്യുത്ഥാന മധർമസ്യ
തദാത്മാനം സൃജാമ്യഹം.

(ജ്ഞാന വിജ്ഞാന യോഗം)

സാരം: "എപ്പോഴെപ്പോൾ ധർമച്യുതിയും അധർമത്തിന് ഉയർച്ചയും സംഭവിക്കുന്നുവോ അപ്പോഴെല്ലാം ഞാൻ സ്വയം അവതരിക്കുന്നു."

ഇവിടെ ദൂതന്മാരെ അയക്കുന്നു എന്നതിനു പകരം ഞാൻ ജനിക്കുന്നു. ഈ സൂക്തം ശ്രദ്ധിച്ചാൽ, ദൈവ ദൂതന്മാരെ ദൈവ സമാനമാക്കി അവതരിപ്പിച്ചിരിക്കുകയാണെന്നു മനസ്സിലാക്കാം.

ഇനി സ്വർഗ നരകത്തെ കുറിച്ച് ഈശാവാസ്യോപനിഷത്തിൽ പറയുന്നു.

അ സൂര്യാ നാമ തേ ലോക
അന്ധേനം തമസാ വൃതാ
താംസ്തേ പ്രേത്യാഭിഗച്ഛന്തിയേ
കേചാരി മഹനേഃ ജനഃ

"സൂര്യ രഹിതമായ ആ ലോകങ്ങൾ അജ്ഞാന്ധകാര സമാവൃതങ്ങളാണ്. ആത്മഘാതികൾ (ആത്മാവിനെ കൊന്നവർ) അതായത് ഈശ്വരനെ സ്മരിക്കാതെ വിഷയാസക്തരായി കഴിയുന്നവർ- വീണ്ടും ദുഃഖ ഭൂയിഷ്ഠങ്ങ

ളായ ആ ലോകങ്ങളെ പ്രാപിക്കുന്നു."

"സ്വർഗേ ലോകേ ന ഭയം കിഞ്ച നാസ്തി, നതത്രത്വം, ന ജരയാബി ഭേതി, ഉഭേ, തീർത്ത്വാംശ നയാ പിപാസേ, ശോകാതി ഗോ മോദതേ സ്വർഗലോകേ."

(സ്വർഗലോകത്ത് അൽപം പോലും ഭയമില്ല. അവിടെ നീയുമില്ല. ജരാനരയാൽ ആർക്കും ഭയവുമില്ല. അവിടെ വസിക്കുന്നവർ ക്ഷുത് പിപാസാദികൾക്കും ശോകാദികൾക്കും അതീതന്മാരായി സകലവിധ ആനന്ദവും അനുഭവിക്കുന്നു) (കഠോപനിഷത്ത്).

ഇഹത്തിൽ സ്വന്തം ആത്മാവിനെകൊന്നിട്ട് വിഷയാസക്തരായി നടന്നവർക്ക് പരലോകത്ത് കഠിനമായ അന്ധകാരവും നിരന്തര ദുഃഖങ്ങളും മാത്രം ഫലം.

വിശുദ്ധ ഖുർആൻ പറയുന്നു: ''തണുപ്പുള്ളതോ സുഖദായകമോ അല്ലാത്ത കരിമ്പുകയുടെ തണൽ എന്നീ ദുരിതങ്ങളിലായിരിക്കും അവർ. എന്തുകൊണ്ടെന്നാൽ തീർച്ചയായും അവർ അതിനുമുമ്പ് സുഖലോലുപന്മാരായിരുന്നു" (56:44,45).

''എന്നാൽ സ്വർഗത്തിലോ, അങ്ങനെ നാം അവരെ (സ്വർഗ സ്ത്രീകളെ) കന്യകമാരും സ്നേഹവതികളും സമപ്രായക്കാരും ആക്കിയിരിക്കുന്നു" (56:36,37).

"ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് ചൊവ്വായി നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല" (46:13).

"അന്ന് ചില മുഖങ്ങൾ പ്രസന്നതയുള്ളതും ചിരിക്കുന്നവയും സന്തോഷം കൊള്ളുന്നവയും ആയിരിക്കും. വേറെ ചില മുഖങ്ങളാകട്ടെ, അന്ന് പൊടിപുരണ്ടിരിക്കും. അവയെ കൂരിരുട്ട് മൂടിയിരിക്കും. അക്കൂട്ടരാകുന്നു അവിശ്വാസികളും അധർമകാരികളുമായിട്ടുള്ളവർ" (80:38-42).

മരണാനന്തര കർമഫലം അനുഭവിക്കുന്നതിനെക്കുറിച്ചു ഗീത പറയുന്നത് കർമഫലം അനുഭവിച്ചു തീരുന്നതുവരെ മനുഷ്യർ പുനർജനിച്ചുകൊണ്ടിരിക്കുമെന്നാണ്.

അശ്രദ്ധധാനാഃ പുരുഷാ
ധർമ്മസ്യാസ്യ പരന്തപി
അപ്രാപ്യമാം നിവർത്തന്തേ
മൃത്യു സംസാര വർത്തനി.

സാരം: "ശത്രുനാശകാ ഈ ധർമ

ആളുകൾ പിൽക്കാലത്ത് ആവിഷ്കരിച്ച ആശയങ്ങൾക്കനുസൃതമായി വേദങ്ങളും പുരാണങ്ങളും തിരുത്തി എഴുതിയതായിരിക്കാം ഇത്തരം ആശയക്കുഴപ്പങ്ങൾ അവയിൽ നിറഞ്ഞു നിൽക്കാൻ കാരണം. ഈമാറ്റം ഒരു വ്യക്തിയിൽനിന്നു ഉണ്ടായതല്ല. പലകാലങ്ങളിലായി പലവ്യക്തികളിൽനിന്നുണ്ടായതാണ്. ഇതിലെ സത്യം മനസ്സിലാക്കിയവർ പോലും പൈതൃകാചാരങ്ങളുടെ പേരിൽ അതുതന്നെ പിന്തുടർന്നു വരികയായിരു

ത്തിൽ ശ്രദ്ധയില്ലാത്തവർ, എന്നെ പ്രാപിക്കാതെ ജനന മരണങ്ങളുടെ മാർഗത്തിൽ ചുറ്റിക്കറങ്ങുന്നു"(രാജയോഗം: 3)

ഇവിടെ സൂചിപ്പിക്കുന്ന ജനന മരണം നരക ശിക്ഷയാണ്; ധർമവും കർമവും ചെയ്യാതെ അശ്രദ്ധയിൽ ജീവിച്ചവർക്കുള്ള ശിക്ഷ.

വിശുദ്ധ ഖുർആൻ വിശദീകരിക്കുന്നു:

"തീർച്ചയായും നമ്മുടെ തെളിവുകൾ നിഷേധിച്ചവരെ നാം നരകത്തിലിട്ട് കരിക്കുന്നതാണ്. അവരുടെ തൊലികൾ വെന്തുപോകുമ്പോഴെല്ലാം അവർക്ക് നാം വേറെ തൊലികൾ മാറ്റിക്കൊടുക്കുന്നതാണ്. അവർ ശിക്ഷ ആസ്വദിച്ചുകൊണ്ടിരിക്കാൻ വേണ്ടിയാകുന്നു ഇത്" (4:56).

ആളുകൾ പിൽക്കാലത്ത് ആവിഷ്കരിച്ച ആശയങ്ങൾക്കനുസൃതമായി വേദങ്ങളും പുരാണങ്ങളും തിരുത്തി എഴുതിയതായിരിക്കാം ഇത്തരം ആശയക്കുഴപ്പങ്ങൾ അവയിൽ നിറഞ്ഞു നിൽക്കാൻ കാരണം. ഈമാറ്റം ഒരു വ്യക്തിയിൽനിന്നു ഉണ്ടായതല്ല. പലകാലങ്ങളിലായി പലവ്യക്തികളിൽനിന്നുണ്ടായതാണ്. ഇതിലെ സത്യം മനസ്സിലാക്കിയവർ പോലും പൈതൃകാചാരങ്ങളുടെ പേരിൽ അതുതന്നെ പിന്തുടർന്നു വരികയായിരുന്നു.

വിശുദ്ധ ഖുർആൻ: ''എന്നാൽ സ്വന്തം കൈകൾകൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും എന്നിട്ട് അത് അല്ലാഹുവിങ്കൽനിന്ന് ലഭിച്ചതാണെന്നു പറയുകയും ചെയ്യുന്നവർക്കാകുന്നു നാശം" (2:79).

''അവരുടെ കൈവശമുള്ള വേദത്തെ ശരിവെക്കുന്ന ഒരു ഗ്രന്ഥം (ഖുർആൻ) അല്ലാഹുവിങ്കൽനിന്നും അവർക്കു വന്നു കിട്ടിയപ്പോൾ (അവരത് തള്ളിക്കളയുകയാണ് ചെയ്തത്)" 2:89.

അല്ലാഹു വേദം നൽകിയിട്ടുള്ളവർക്ക് സത്യദീനിനെക്കുറിച്ചും നബിയെക്കുറിച്ചും വ്യക്തമായി അറിയാം.

"നാം വേദം നൽകിയിട്ടുള്ളവർക്ക് സ്വന്തം മക്കളെ അറിയാവുന്നതുപോലെ അദ്ദേഹത്തെ(റസൂലിനെ) അറിയാവുന്നതാണ്. തീർച്ചയായും അവരിൽ ഒരു വിഭാഗം അറിഞ്ഞുകൊണ്ടുതന്നെ സത്യം മറച്ചു വെക്കുകയാകുന്നു" 2:146. ■

(തുടരും)